# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3415    19.10.2016 - ൽ മറുപടിയ്ക്ക്

### കബനി നദീ ജലം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഒ. ആർ. കേളു** | | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കബനി നദീ ജല സംരക്ഷണ ത്തിനായി ബജറ്റിൽ പ്രഖ്യാപിച്ച തുക ഉപയോഗിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം ; | (എ) | കാവേരി നദിയിൽ നിന്നും കബനി സബ്-ബേസിനിലേയ്ക്ക് അനുവദിക്കപ്പെട്ട ജലം ഉപയോഗി ക്കുന്നതിനായി കാവേരി നദീതടത്തിലെ ചെറുകിട ജലസേചന പദ്ധതികൾക്കായി 2016-17 ബഡ്ജറ്റിൽ 8200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 6000 ലക്ഷം രൂപ ആർ.ഐ.ഡി.എഫിൽ ഉൾപ്പെടു ത്തിയിരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സൂക്ഷ്മ ജലസേചനത്തിനും (മൈക്രോ ഇറിഗേഷൻ) ജലസ്രോതസ്സുകളുടെ വികസനത്തിനുമായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ബാക്കിതുക ചെറുകിട ജലസേചനപദ്ധതികൾക്കായി നീക്കി വച്ചിരിക്കുന്നു. ഇത് പ്രകാരം 24 ചെക്ക് ഡാമുകൾ, 1 റഗുലേറ്റർ, 1 ലിഫ്റ്റ് ഇറിഗേഷൻ സ്കീം എന്നിവയുടെ നിർമ്മാണ ത്തിനുള്ള 3526 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ നബാർഡിൽ ഉൾപ്പെടുത്തി 1500 ലക്ഷം രൂപയുടെ ആർ.സി.ബി.പ്രൊപ്പോസലുകളിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. വയനാട് ജില്ലയിലെ കുളങ്ങളുടെ നവീകരണത്തിനുള്ള എസ്റ്റിമേറ്റുകൾ വകുപ്പുതലത്തിൽ തയ്യാറാക്കി വരുന്നു. |
| (ബി) കബനി നദിയിൽ നിന്നും അനുവദി ക്കപ്പെട്ട ജലം പോലും കേരളം ഉപയോ ഗിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) | കബനി നദിയിൽ നിന്നും അനുവദിക്കപ്പെട്ട ജലം ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരികയാണ്. |
| (സി) കബനി നദിയിലെ ജലം പൂർണ്ണമായും ഉപയോഗിക്കാവുന്ന തര ത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സർക്കാർ ഇടപെടുമോ ? | (സി) | കബനി ബേസിനിൽ 2.8 ടി.എം.സി. ജലം സംഭരിക്കുന്നതിനായി കാരാപ്പുഴ പദ്ധതിയിൽ ഡാം നിർമ്മിച്ചിട്ടുണ്ട്. നിലവിൽ 1.2 ടി.എം.സി. ജലം കാരാപ്പുഴ ഡാമിൽ സംഭരിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്ന നടപടികൾ നടന്നു വരുന്നു. കബനി ബേസിനിലെ ബാണാസുരസാഗർ വിവിധോദ്ദേശ പദ്ധതിയുടെ ഡാമിന്റെയും, ടണലി ന്റെയും പണികൾ കെ.എസ്.ഇ.ബി. പൂർത്തീകരി |

ക്കുകയും, 5 ടി.എം.സി. ജലം ഉപയോഗിക്കുന്നുമുണ്ട്. ഈ പദ്ധതിയിൽ നിന്നും ജലസേചനത്തിനായി കാവേരി അവാർഡ് പ്രകാരം അനുവദിച്ച 0.84 ടി.എം.സി. ജലം ഉപയോഗിക്കുവാനുള്ള ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഭാഗീകമായി പൂർത്തീകരിച്ചു.

കബനി നദിയുടെ പോഷകനദികളായ പനമരം, മാനന്തവാടി, നൂൽപ്പുഴ, ബാവേലി എന്നീ പുഴകളിൽ റഗുലേറ്റർ നിർമ്മിക്കുന്നതിന് വേണ്ടി ടോപ്പോ ഗ്രാഫിക്കൽ സർവ്വേ പൂർത്തീകരിച്ചു, അവയുടെ സ്ഥാനനിർണ്ണയം നടത്തി വരുന്നു. കൂടാതെ കാവേരി ട്രൈബ്യൂണൽ അനുവദിച്ചിരിക്കുന്ന ജലം പൂർണ്ണമായും ഉപയോഗിക്കുന്നതിന് വേണ്ടി 9 പുതിയ പദ്ധതികളുടെ (കടമാൻതോട്, നൂൽപ്പുഴ, ചുണ്ടാലിപ്പുഴ, തിരുനെല്ലി, ചേക്കാട്ട്, മഞ്ചാട്ട്, തോടാർ, പെരിങ്ങോട്ടുപ്പുഴ, കല്ലംപതി) സാധ്യതാ പഠനം പൂർത്തീകരിച്ചു.

കാവേരി അവാർഡ് പ്രകാരം കബനി ബേസിനിൽ അനുവദിച്ച ജലം പൂർണ്ണമായി വിനിയോഗിക്കാൻ വേണ്ടി, പ്രസ്തുത ബേസി നിലെ പോഷകനദികളിലേയും, കൈവഴികളുടേയും ടോപ്പോ ഗ്രാഫിക്കൽ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ